# MALAYALAM

## (Second Language)

***Maximum Marks : 80***

***Time Allowed : Three Hours***

1. *Answers to this Paper must be written on the paper provided separately.*
2. *You will **not** be allowed to write during the first **15** minutes.*
3. *This time is to be spent in reading the question paper.*
4. ***The time given at the head of this Paper is the time allowed for writing the answers.***
5. *This paper comprises two Sections; **Section A** and **Section B.***
6. *Attempt **all** the questions from **Section A**.*
7. *Attempt **four** questions from **Section B**, answering at least **one** question each from the **two** books you have studied and **any two** other questions from the same books that you have compulsorily chosen.*
8. *The intended marks for questions or parts of questions are given in brackets [ ].*

***Instruction for the Supervising Examiner***

*Kindly read aloud the instructions given above to all the candidates present in the Examination Hall.*

Downloaded From www.icseboard.org

## SECTION—A (40 Marks)

*Attempt **all** questions from this section.*

**Question 1**

Write a short composition in **Malayalam** of approximately **250** words on any **one** of the following topics :— [15]

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **250** വാക്കുകളിൽ ഒരു ഉപന്യാസം **മലയാളത്തിൽ** എഴുതുക) :—

(i) "ആധുനിക കാലഘട്ടത്തിലെ വിദ്യാർഥികൾ കഠിനമായ മാനസിക സമ്മർദ്ദങ്ങൾക്ക് വിധേയരാണ്". ഈ പ്രസ്താവനയോട് അനുകൂലിച്ചോ പ്രതികൂലിച്ചോ നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക.

(ii) "മനുഷ്യർ ഇന്ന് പല മാരകരോഗങ്ങൾക്കും അടിമകളാണ്." ഇതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു വിവരണം തയ്യാറാക്കുക.

(iii) മാതാപിതാക്കളോടൊപ്പം നിങ്ങൾ സന്ദർശിച്ച ഒരു പുണ്യ സ്ഥലത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഒരു ഉപന്യാസം എഴുതുക.

(iv) "പ്രാണനേക്കാൾ മാനം വലുത്" – ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു കഥ എഴുതുക.

(v) താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക :-



Downloaded From www.icseboard.org

**Question 2**

Write a letter in **Malayalam** of approximately **120** words on any **one** of the following topics given below :— [7]

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **120** വാക്കുകളിൽ ഒരു കത്തെഴുതുക) :—

(i) ഈ വർഷത്തെ നിങ്ങളുടെ സ്കൂൾ വാർഷികാഘോഷങ്ങളെ കുറിച്ചും അതിൽ നിങ്ങളുടെ പ്രകടനത്തെക്കുറിച്ചും വിവരിച്ചുകൊണ്ട് സുഹൃത്തിനൊരു കത്ത് തയ്യാറാക്കുക.

(ii) ഗതാഗതക്കുരുക്കു മൂലം സമയത്തിന് സ്കൂളിൽ എത്താൻ കഴിയാത്ത കാര്യം ചൂണ്ടിക്കാട്ടി അതിനൊരു പരിഹാരം കാണണമെന്ന് അപേക്ഷിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക.

**Question 3**

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible :—

(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക) :—

വിശ്വമഹാകവി കാളിദാസനാൽ വിരചിതമായ നാടകമാണ് "അഭിജ്ഞാനശാകുന്തളം". അതിന്റെ ലോകോത്തരമഹിമയ്ക്കു നിദാനമായി അനവധി കാര്യങ്ങളുണ്ട്. അവയിൽ പ്രധാനം നാടകത്തിലെ പ്രകൃതിക്കും മനുഷ്യനും തമ്മിൽ കാണുന്ന അവഗാഢമായ ബന്ധമാണ്. നാടകത്തിൽ സർവ്വചരാചരങ്ങളും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പെരുമാറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഈ കാഴ്ച ഏതെല്ലാം രംഗത്ത് പ്രകടമാകുന്നുവെന്ന് പരിശോധിക്കാം.

നാടകത്തിലെ ഇതിവൃത്തത്തിൽ പുരാണത്തിൽനിന്ന് ചില വ്യതിയാനങ്ങൾ കാളിദാസൻ വരുത്തിയിട്ടുണ്ട്. ശകുന്തളയ്ക്കു രണ്ടു തോഴിമാരെ സൃഷ്ടിച്ചുകൊടുത്തതാണ് അവയിലൊന്ന്. ആ രണ്ട് തോഴിമാരും സ്നേഹത്തിന്റെ നിറകുടങ്ങളായി പരിശോഭിക്കുന്നു. "അവർ സഖിയായ ശകുന്തളയോട് .സഹോദര നിർവിശേഷമായ സ്നേഹം പുലർത്തിപ്പോരുകയാണ് ചെയ്യുന്നത്. ഭർത്തൃഗൃഹത്തിലേക്കു ശകുന്തളയെ യാത്രയാക്കുന്നതിൽ ഏറ്റവുമധികം സന്തോഷിക്കുന്നതും, ദുഃഖിക്കുന്നതും തോഴിമാർതന്നെ.

ഭർത്തൃഗൃഹത്തിലേയ്ക്കു പോകുന്ന അവസരത്തിൽ വനദേവതമാർ ശകുന്തളയ്ക്കു ധാരാളം ഉപഹാരങ്ങൾ നൽകുന്നു. ചുറ്റാനുള്ള ഉടയാടയാണ് ഒരു മരം നൽകുന്നത്. മറ്റൊരു വൃക്ഷം ചരണ ചെഞ്ചാറ് നൽകി. മറ്റു വൃക്ഷങ്ങൾ ദേവതമാരുടെ കരങ്ങൾവഴിയായി ഭൂഷാഗണം അർപ്പിച്ചു. നാട്ടിൻപുറത്തു നടക്കുന്ന ഒരു വിവാഹത്തിന്റെ പ്രതീതിയാണ് ഇവിടെ കവി



Downloaded From www.icseboard.org

വരുത്തിയിരിക്കുന്നത്. സസ്യലതാദികൾപോലും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന കാഴ്ച ആരെയും ആകർഷിക്കുന്നതാണ്.

ശാകുന്തളം നാടകത്തിൽ പ്രകടമാകുന്ന സ്നേഹത്തിന്റെ ഉറവിടം കണ്വമഹർഷിയാണ്. നാടകത്തിലെ കഥാപാത്രങ്ങളെ കൂട്ടിയിണക്കിക്കൊടുക്കുന്ന മഹത്വ്യക്തിയാണ് അദ്ദേഹം. ഒരച്ഛന്റെ സ്ഥാനത്തുനിന്നുകൊണ്ട് ഓരോ അംഗത്തോടും യാത്ര ചോദിക്കാൻ ശകുന്തളയെ ഉപദേശിക്കുന്നത് അദ്ദേഹമാണ്. ഒരു കുടുംബാന്തരീക്ഷമാണ് കവി ഇവിടെ വരുത്തുന്നത്.

സസ്യലതാദികളോടു സഹോദര സ്നേഹമാണ് ശകുന്തളയ്ക്കുള്ളത്. അവൾ ആശ്രമവൃക്ഷങ്ങളെ നനയ്ക്കാതെ ജലപാനം ചെയ്യുകയില്ല. അത്യധികമായ കൗതുകമുണ്ടെങ്കിലും കരുണയാൽ ഒരു കുരുന്നിലപോലും നുള്ളുകയില്ല. സസ്യജാലങ്ങൾ പൂക്കുമ്പോൾ അവൾക്ക് ഒരു ഉത്സവത്തിന്റെ പ്രതീതിയാണ് ഉണ്ടാകുന്നത്. ശകുന്തള യാത്രയാകുമ്പോൾ സസ്യജാലങ്ങൾ വെള്ളിലകൾ പൊഴിച്ചു ദുഃഖിക്കുന്നു. ആശ്രമത്തിലെ തിര്യക്കുകളും ആ വേർപാടിൽ ദുഃഖിക്കുന്നുണ്ട്. ഗർഭിണിയായ മാൻപേട ശകുന്തളയുടെ പിന്നാലെ വലിഞ്ഞിഴഞ്ഞു നടക്കുന്നുണ്ട്. ആശ്രമത്തിൽ അവളുടെ വളർത്തുമകനായ ദീർഘാപാംഗൻ എന്ന മാൻകുട്ടി ശകുന്തളയുടെ പിന്നാലെചെന്ന് പുടവ കടിച്ചുപിടിക്കുകയാണ്. അവർക്കു തമ്മിൽ അത്രയ്ക്കു സ്നേഹവിശ്വാസമുണ്ട്. അവിടുത്തെ മയിലുകൾ നൃത്തം നിർത്തി അനങ്ങാതെ നിൽക്കുന്ന കാഴ്ചയും ഹൃദയസ്പർശിയാണ്.

**ചോദ്യങ്ങൾ :**

(i) ശാകുന്തളം നാടകത്തിന്റെ മഹിമയ്ക്കുള്ള പ്രാധാന കാരണമെന്ത് ? [2]

(ii) നാടകത്തിൽ തോഴിമാർക്കുള്ള സ്ഥാനം എങ്ങനെയാണ് ? [2]

(iii) വനദേവതമാരുടെ ആശീർവാദം എങ്ങനെയായിരുന്നു ? [2]

(iv) കണ്വമഹർഷി ഒരു ഗൃഹനാഥന്റെ സ്ഥാനം അലങ്കരിക്കുന്നതെങ്ങനെ ? [2]

(v) ശകുന്തളയ്ക്കു ആശ്രമവൃക്ഷങ്ങളോടുള്ള സ്നേഹം എപ്രകാരമായിരുന്നു ? [2]

**Question 4**

**Answer the following according to the instructions given :—** [8]

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം തെരഞ്ഞെടുത്തെഴുതുക) :—**

(i) **Give one word for the following choosing the options given :—**

(ശരിയായ ഒറ്റപ്പദം തെരഞ്ഞെടുക്കുക)

അഭിമാനമുള്ളവൻ

(a) ദുരഭിമാനി

(b) നിർമാനി

(c) അഭിമാനി

(d) നിരഭിമാനി

Downloaded From www.icseboard.org

(ii) **Select the correct word from the options given :–**

(ശരിയായ വാക്ക് തെരഞ്ഞെടുക്കുക)

1. (a) വാക്ദാനം
   (b) വാഗ്ധാനം
   (c) വാഗ്ദാനം
   (d) വാക്താനം

2. **Select the correct meaning of the word from the options given :–**

   (ശരിയായ വിഗ്രഹാർത്ഥം തെരഞ്ഞെടുക്കുക)

   'സഞ്ചാരപ്രിയൻ'

   (a) സഞ്ചരിക്കുന്നവൻ
   (b) സഞ്ചരിക്കാത്തവൻ
   (c) സഞ്ചരിക്കാൻ പ്രിയമുള്ളവൻ
   (d) സഞ്ചരിച്ച് കഴിഞ്ഞവൻ

(iii) **Select the correct proverb from the options given :–**

(പഴഞ്ചൊല്ലിന്റെ ആശയമായിവരുന്ന പദം തെരഞ്ഞെടുക്കുക)

"മിന്നുന്നതെല്ലാം പൊന്നല്ല" ഈ പഴഞ്ചൊല്ലിന്റെ ആശയമായിവരുന്നത് ഏത് ?

(a) അഴക്
(b) സൗന്ദര്യം
(c) പുറംമോടി
(d) ഐക്യം

(iv) **Select the correct Synonyms from the options given :–**

(ശരിയായ വാക്ക് തെരഞ്ഞെടുത്തെഴുതുക)

1. "ചന്ദ്രൻ" എന്ന വാക്കിന് പര്യായമായിവരുന്ന പദങ്ങൾ :
   (a) ഭാസ്കരൻ, ദിവാകരൻ
   (b) സോമൻ, ശശി
   (c) അർക്കൻ, രവി
   (d) ആദിത്യൻ, ദിനകരൻ

2. 'ആകാശം' എന്ന വാക്കിന് പര്യായം അല്ലാത്ത പദങ്ങൾ :
   (a) വാനം, ഗഗനം
   (b) വിണ്ണ്, മാനം
   (c) വാരി, നീര്
   (d) അംബരം, ഗഗനം



Downloaded From www.icseboard.org

(v) **Fill in the blanks with correct phrase from the options given :–**

(ഉചിതമായ ശൈലി ചേർത്ത് വാക്യം പൂരിപ്പിക്കുക)

1. പ്ലാസ്റ്റിക്ക് നിരോധനം മാലിന്യനിർമാർജ്ജനത്തിന്റെ ഭാഗമായുള്ള ______.

   (a) ചുവടുവയ്പ്പാണ്

   (b) തൊടുകുറിയാണ്

   (c) ഗ്രഹപ്പിഴയാണ്

   (d) തൊഴിത്തിൽകുത്താണ്

2. താഴെക്കൊടുത്തിരിക്കുന്നവയിൽ "നേതൃത്വം നല്കുക" എന്ന ആശയത്തെ സൂചിപ്പിക്കുന്ന ശൈലി ഏത് ?

   (a) കാലുകുത്തുക

   (b) അമരം പിടിക്കുക

   (c) ഉരുണ്ടുകളിക്കുക

   (d) കണ്ണിൽ മണ്ണിടുക

## SECTION—B (40 Marks)

*Questions from only **two** of the following textbooks are to be answered.*

*Attempt **four** questions from this section.*

*You must answer at least **one** question from each of the **two** books,*

*you have studied and **any two** other questions from the same books that you have chosen.*

## സാഹിത്യസുരഭി - കഥകൾ

## SAHITHYA SURABHI – SHORT STORIES

**Question 5**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"അതിനിടയിൽ പയ്യൻ വന്നു. ഒരണ ഞാൻ കൈയിൽ വാങ്ങി. ബാക്കി ഒരണയ്ക്കു ചായയും ബീഡിയും ദോശയും കൊണ്ടുവരാൻ പറഞ്ഞു. കാലണ ചായ, അരയണ ദോശ, കാലണ ബീഡി. ദോശ പൊതിഞ്ഞുകൊണ്ടുവന്ന അമേരിക്കൻ പത്രക്കടലാസിന്റെ തുണ്ടിൽ ഒരു ചിത്രമുണ്ടായിരുന്നു. അത് എന്നെ വളരെ ആകർഷിച്ചു."

**ജന്മദിനം (വൈക്കം മുഹമ്മദ് ബഷീർ)**

**Janmadinam (Vaikom Muhammad Basheer)**



Downloaded From www.icseboard.org

ചോദ്യങ്ങൾ :

(i) തന്റെ പിറന്നാൾദിനം എങ്ങനെയായിരിക്കണമെന്നാണ് അദ്ദേഹം ചിന്തിച്ചത് ? [3]

(ii) ലേഖകന്റെ പോലീസ് സ്റ്റേഷനിലെ അനുഭവത്തെപ്പറ്റി വിവരിക്കുക. [3]

(iii) കഥാകൃത്ത് തന്റെ വസ്ത്രത്തെക്കുറിച്ചോർത്ത് ചിരിച്ചതെപ്പോൾ ? കാരണമെന്ത് ? [2]

(iv) ക്രിസ്ത്യാനിപ്പയ്യന്മാർ ലേഖകനോട് ആവശ്യപ്പെട്ടതെന്ത് ? [2]

**Question 6**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"മുതിർന്നവർ മാത്രമല്ല ചിലപ്പോൾ കുട്ടികളും ഉമ്മയെ കരയിപ്പിക്കാറുണ്ട്."

**പെറ്റവയറ് (സി.വി. ബാലകൃഷ്ണൻ)**

**Pettavayar (C.V. Balakrishnan)**

ചോദ്യങ്ങൾ :

(i) ഉപ്പായെക്കുറിച്ച് കോയയോട് ഉമ്മ പറഞ്ഞതെന്തെല്ലാം ? [3]

(ii) "കോയ" എന്ന കഥാപാത്രത്തെക്കുറിച്ച് കുട്ടികളുടെ സങ്കല്പങ്ങൾ എന്തെല്ലാം ? [3]

(iii) "ബെടക്ക് വർത്തമാനം" എന്ന് പറയുന്നതിന്റെ സന്ദർഭം വിശദീകരിക്കുക. [2]

(iv) കുൽദുമ്മയുടെ ദുഃഖത്തിന് കാരണമെന്ത് ? മകനെക്കുറിച്ചുള്ള ഉമ്മയുടെ അഭിപ്രായങ്ങൾ എന്തെല്ലാം ? [2]

**Question 7**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"പലരും വൃദ്ധന്റെ ബദ്ധപ്പാടിന് കണ്ണും കരളും കൊടുത്തതേയില്ല."

**ഉതുപ്പാന്റെ കിണർ (കാരൂർ നീലകണ്ഠപിള്ള)**

**Uthuppante Kinar (Karoor Neelakandapilla)**



Downloaded From www.icseboard.org

"അവനും വളർന്നു അച്ഛനമ്മമാരുണ്ടായിരുന്നെങ്കിൽ തങ്ങൾക്കൊരു താങ്ങാണവനെന്നു കരുതി സന്തോഷിച്ചേനേ."

**ചോദ്യങ്ങൾ :**

(i) ഉതുപ്പാന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്. എങ്കിലും അവനത് ഗുരുവാണ്' എന്നു ലേഖകൻ പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക. [3]

(ii) ഉതുപ്പാനെ എവിടെയെല്ലാം കാണാം ? നിത്യജീവിതം എങ്ങനെയായിരുന്നു ? [3]

(iii) "അതൊക്കെ അയാൾ ക്രമേണ സാധിച്ചു." ഏതൊക്കെ ? [2]

(iv) ഒരു പിതാവിനുള്ള കൃതാർഥത ഉതുപ്പാന് തോന്നിയത് എപ്പോൾ ? വിശകലനം ചെയ്യുക. [2]

## സാഹിത്യസുരഭി - കവിതകൾ

## SAHITHYA SURABHI - POEMS

### Question 8

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"ചോരതെറിക്കുന്നുവല്ലോ; കുമാരകാ,
പോരുമേ പോരുമേ സാഹസങ്ങൾ."

**കർമ്മഭൂമിയുടെ പിഞ്ചുകാൽ (വള്ളത്തോൾ നാരായണമേനോൻ)**

**Karmabhoomiyude Pinchukaal (Vallathol Narayanamenon)**

**ചോദ്യങ്ങൾ :**

(i) 'കർമ്മഭൂമിയുടെ പിഞ്ചുകാൽ' എന്ന കവിതയിലൂടെ കവിയുടെ ഉദ്ദേശശുദ്ധി വിവരിക്കുക ? [3]

(ii) കുമാരൻ കാണിച്ച സാഹസങ്ങൾ കവി വർണ്ണനയിലൂടെ വ്യക്തമാക്കുക. [3]

(iii) കൃഷ്ണൻ കാളിയനെ പരാജയപ്പെടുത്തിയതെങ്ങനെ ? [2]

(iv) കാളിയൻ കൃഷ്ണനെ നേരിട്ടതെങ്ങനെ ? [2]



Downloaded From www.icseboard.org

### Question 9

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ഏവനെ ദർശിച്ചമാത്രയിൽ പിന്നെയും
കൈവന്നു ദാനധർമ്മാവബോധം."

**കർണ്ണഭൂഷണം (ഉള്ളൂർ എസ്. പരമേശ്വരയ്യർ)**

**Karnabhooshanam (Ulloor S. Parameshwara Iyer)**

**ചോദ്യങ്ങൾ :**

(i) ചപ്രമഞ്ചത്തിൽ മിന്നുന്ന പുരുഷരൂപത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് കവി വർണ്ണിക്കുന്നതെങ്ങനെ ? [3]

(ii) അംഗരാജ്യത്തിലെ മണിമാളികയുടെ പ്രത്യേകതയെന്ത് ? [3]

(iii) ദാനധർമ്മ അവബോധം കൈവന്നതാർക്ക് ? എപ്പോൾ ? [2]

(iv) കർണ്ണന്റെ ജനനത്തെക്കുറിച്ച് സൂര്യൻ ചിന്തിച്ചത് എന്തെല്ലാം ? [2]

### Question 10

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹര ഭാഷയുണ്ടോ ?"

**മാണിക്യവീണ (വെണ്ണിക്കുളം)**

**Manikyaveena (Vennikkulam)**

**ചോദ്യങ്ങൾ :**

(i) കവി മലയാളഭാഷയെ ഒരു പുഷ്പവാടിയോട് ഉപമിക്കുന്നതെങ്ങനെ ? [3]

(ii) മലയാള ഭാഷയുടെ കർമ്മ മണ്ഡലത്തേയും അതിന്റെ മഹത്വത്തെയുംപറ്റി കവി സൂചിപ്പിക്കുന്നതെന്ത് ? [3]

(iii) കവി ജന്മാന്തര പുണ്യമായി കാണക്കാക്കുന്നതെന്ത് ? [2]

(iv) കേരളഭാഷയെക്കുറിച്ചോർക്കുമ്പോൾ ഓരോ മലയാളിയുടേയും സന്തോഷത്തെക്കുറിച്ച് കവി സൂചിപ്പിക്കുന്നതെന്ത് ? [2]

Downloaded From www.icseboard.org

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ – നോവൽ
## NOVEL - MAYYAZHIPPUZHAYUDE THEERANGALIL
## (എം. മുകുന്ദൻ)
## (M. MUKUNDAN)

**Question 11**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

''വളരെ ദൂരം ഇടവിട്ടുനാട്ടിയ മരക്കാലുകളിൽ എണ്ണവിളക്കുകൾ മുനിഞ്ഞു കാണാറുണ്ടായിരുന്നു.''

**ചോദ്യങ്ങൾ :**

(i) ആരാണ് ക്ലമാംസായ്‌വ് ? അയാളുടെ ബഡായികളിൽ ഏറ്റവും പ്രധാനം ഏത് ? വിശദമാക്കുക. [3]

(ii) ക്ലമാംസായ്‌വിന്റെ കാലത്ത് മയ്യഴിയിലെ പോലീസുകാർ ആരായിരുന്നു ? അവരുടെ സ്വഭാവം എന്തായിരുന്നു ? [3]

(iii) മൂപ്പൻസായ്‌വിന്റെ ബംഗ്ലാവിനെപ്പറ്റി വർണ്ണിക്കുക. [2]

(iv) ദാസന്റെ ജനനത്തിന് മുമ്പ് മയ്യഴിയിലെ റോഡിന്റെ അവസ്ഥ എന്തായിരുന്നു ? [2]

**Question 12**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

''കള്ളന്മാരായും കരിഞ്ചന്തക്കാരായും അഭിനയിച്ചു മരിക്കുന്നവരുണ്ട്. നിന്റച്ഛൻ ദൈവമായി അഭിനയിച്ചു മരിച്ചവനാണ്. നമുക്കതിൽ സന്തോഷിക്കാം.''

**ചോദ്യങ്ങൾ :**

(i) മലയൻ കുറമ്പൻ ആരാണ് ? അദ്ദേഹത്തെപ്പറ്റി വിവരിക്കുക. [3]

(ii) മലയൻ കുറമ്പൻ മരിച്ചപ്പോൾ മയ്യഴിയിലെ ആളുകളുടെ സംശയമെന്തായിരുന്നു ? [3]

(iii) മീത്തലമ്പലത്തെ ദൈവങ്ങളുടെ പ്രേത്യേകതയെന്ത് ? [2]

(iv) ''മലയൻ കുറമ്പനോടൊപ്പം ദൈവങ്ങളും മരിച്ചെങ്കിൽ'' എന്ന് പപ്പൻ സ്വയം പറയാൻ കാരണമെന്ത് ? [2]



Downloaded From www.icseboard.org

## Question 13

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"എന്നെ ഭരിക്കുന്ന ചില നിയമങ്ങളുണ്ട്. എന്നിലെ മനുഷ്യസ്നേഹത്തെയും അത് ഭരിക്കുന്നു."

**ചോദ്യങ്ങൾ :**

(i) കണാരേട്ടൻ അധികാരം ഏറ്റെടുത്തശേഷം ബംഗ്ലാവിൽ എത്തിയ ദാസൻ കണ്ട കാഴ്ചകൾ എന്തെല്ലാം ? [3]

(ii) "ഞാനെന്താ അന്യനാ" എന്ന് ചോദിച്ചതാര് ? ദാസന്റെ കാഴ്ചപ്പാടിൽ അയാൾക്കുള്ള സ്ഥാനം എന്ത് ? [3]

(iii) ജയിൽ മോചിതനായി മടങ്ങിവന്ന ദാസൻ ചന്ദ്രികയിൽ ദർശിച്ച മാറ്റങ്ങൾ എന്തെല്ലാം ? [2]

(iv) മൂപ്പൻ സായ്പിന്റെ ബംഗ്ലാവിൽ വിളിച്ച് കണാരൻ ദാസനോട് പറഞ്ഞത് എന്തെല്ലാം ? അതിന് ദാസൻ നൽകിയ മറുപടി എന്ത് ? [2]

# സാകേതം – നാടകം

# DRAMA - SAKETHAM

## (സി.എൻ. ശ്രീകണ്ഠൻ നായർ)

## (C.N. SREEKANTAN NAIR)

## Question 14

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"അയോദ്ധ്യയിലെ രാജപത്നി അഭിഷേകനിശ്ചയം അറിയേണ്ടത് ഉപശാലകളിൽനിന്നല്ല."

**ചോദ്യങ്ങൾ :**

(i) യൗവനത്തിന്റെ അനുഭൂതികൾ വാർദ്ധക്യം വീണ്ടും ദർശിക്കുകയാവും എന്ന് വസിഷ്ഠമുനി പറയുന്ന സന്ദർഭം ഏത് ? [3]

(ii) ശൂദ്രമുനിയുടെ ശാപം ഫലിക്കില്ല എന്നതിന് ദശരഥൻ നിരത്തുന്ന ന്യായങ്ങൾ എന്ത് ? [3]

(iii) രാമന് യൗവ്വരാജ്യം നല്കി ദശരഥൻ അനുഗ്രഹിക്കുന്നത് എങ്ങനെ ? [2]

(iv) രാമന്റെ അഭിഷേകവാർത്തയറിഞ്ഞ് ആശങ്കാകുലയായ കൗസല്യയോട് വസിഷ്ഠൻ പറയുന്നതെന്തെല്ലാം ? [2]



Downloaded From www.icseboard.org

### Question 15

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ഭാഗ്യംകെട്ട കേകേയത്തിന്റെ പുത്രീ നീ ഇന്നൊരു പഴംകഥയാണ്. നിന്റെ സൗന്ദര്യം ഏതോ മുഢന്റെ സ്വപ്നമായിരുന്നു. വേനലേറ്റ പുഴയെപോലെ നീ വറ്റിവരണ്ടുപോയി."

**ചോദ്യങ്ങൾ :**

(i) രാമൻ കാടു വാഴണമെന്നു ശഠിച്ച കൈകേയിയോട് ദശരഥൻ കേണിരക്കുന്നതെന്ത് ? അതിന് കൈകേയിയുടെ മറുപടിയെന്ത് ? [3]

(ii) ഭരതനെ രാജാവായി അഭിഷേകം ചെയ്യുവാനുള്ള നിശ്ചയത്തിൽനിന്നും പിന്തിരിയാൻ അപേക്ഷിച്ചുകൊണ്ട് സുമന്ത്രർ കൈകേയിയോട് പറഞ്ഞതെന്തെല്ലാം ? [3]

(iii) "ആത്മവഞ്ചനയരുത് മഹാരാജൻ" എന്ന് കൈകേയി പറഞ്ഞതെപ്പോൾ ? കാരണമെന്ത് ? [2]

(iv) 'രാമന്റെ ധർമ്മനിഷ്ഠ എനിക്ക് കവചമായിരിക്കും' സന്ദർഭം വ്യക്തമാക്കുക. [2]

### Question 16

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"വിധി അതിന്റെ നിയതമായ പാതയിൽക്കൂടി ചരിക്കുകയാണ്. വിഷാദിച്ചാൽ എന്ത് ഫലം."

**ചോദ്യങ്ങൾ :**

(i) തനിക്കു വിഷാദമില്ലെന്നും കാടുമതിയെന്നും രാമൻ പറയുന്നത് എന്തുകൊണ്ട് ? [3]

(ii) തനിക്ക് കാട് സ്വർഗ്ഗമാണെന്ന് സീത പറയാൻ കാരണമെന്ത് ? [3]

(iii) രാമൻ പഠിച്ച പാഠം എന്തായിരുന്നു ? വിശദമാക്കുക ? [2]

(iv) അയോദ്ധ്യയിൽ അന്ധന്മാരുടെ എണ്ണം പെരുകട്ടെയെന്ന് ലക്ഷ്മണൻ പറയുന്നതിന്റെ സന്ദർഭവും ആശയവും വ്യക്തമാക്കുക ? [2]

Downloaded From www.icseboard.org